**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1138** | **31-01-2024 - ൽ മറുപടിയ്ക്ക്**

**പേരൂർക്കട-പുതുകുന്ന്-മൺവിള കുടിവെള്ള മെയിൻ പൈപ്പ് ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പേരൂർക്കട-പുതുകുന്ന്-മൺവിള കുടിവെള്ള മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പേരൂർക്കട മുതൽ മൺവിള വരെയുള്ള പി.എസ്.സി. പൈപ്പുകൾ മാറ്റി എം.എസ്. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് കിഫ്ബി വഴി ഭരണാനുമതി നൽകിരുന്നു. പ്രസ്തുത പ്രവൃത്തിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കലും അതോടൊപ്പം റോഡ് പുനസ്ഥാപനവുമുൾപ്പെടെയാണ് കരാർ നൽകിയിരുന്നത്. 39% പ്രവൃത്തികൾ പൂർത്തിയായപ്പോൾ റേറ്റ് റിവിഷൻ, കരാർ റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കരാർ കമ്പനി ബഹു. ഹൈക്കോടതിയിൽ കേസ് സമർപ്പിക്കുകയും, ബഹു. കോടതിയുടെ ഇടക്കാല ഉത്തരവനുസരിച്ച് ഈ വിഷയത്തിൽ കേരള ജല അതോറിറ്റിയുടെ ബോർഡിൽ തീരുമാനമെടുക്കാനായി സമർപ്പിക്കുകയും, പ്രസ്തുത പ്രവൃത്തി നിശ്ചയിച്ച തുകയിൽ തന്നെ പൂർത്തീകരിക്കുവാനായി കരാർ കമ്പനിക്ക് 6 മാസം കൂടി അനുവദിക്കാൻ തീരുമാനിക്കുകയുമുണ്ടായി. എന്നിട്ടും കരാർ കമ്പനി ബാക്കി പ്രവൃത്തികൾ ചെയ്യാൻ തയ്യാറായില്ല. തുടർന്ന് കേരള ജല അതോറിറ്റി ബോർഡിലെ തീരുമാനപ്രകാരം കരാർ കമ്പനിയുമായി നടത്തിയ ഹിയറിംഗിൽ പ്രവൃത്തിയുമായി മുന്നോട്ടു പോകുവാൻ താൽപ്പര്യമില്ലായെന്ന് കമ്പനി അറിയിച്ചതിനാൽ നിലവിലെ കരാർ റദ്ദു ചെയ്തു. ബാക്കി പ്രവൃത്തികൾ കിഫ്ബി വഴി ലഭ്യമാക്കിയിട്ടുള്ള ഫണ്ടിംഗ് അനുമതി തുകയിൽ പൂർത്തീകരിക്കുവാൻ സാദ്ധ്യമല്ലാത്തതിനാൽ അമൃത്-2.0 പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാൻ ധാരണയായി. ഇതിന് 02.11.2023 ൽ 65.45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിക്കു സാങ്കേതികാനുമതി നൽകുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തെങ്കിലും ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ ആദ്യ ടെണ്ടർ റദ്ദാക്കുകയും |

| | | | |
|---|---|---|---|
| | | | പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. 12.02.2024 ആണ് ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. |
| (ബി) | പ്രവൃത്തി പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന ഇടങ്ങളിലേക്ക് നടത്തിയ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്നും പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | 24.01.2024 ആയിരുന്നു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. എന്നാൽ പ്രസ്തുത ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ ആദ്യ ടെണ്ടർ റദ്ദാക്കുകയും പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. 12.02.2024 ആണ് ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. ദർഘാസ് നടപടികൾ പൂർത്തിയാക്കി കരാർ നൽകിക്കഴിഞ്ഞാൽ ഒരു വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാകും. |
| (സി) | കൊടിക്കുന്ന് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയ്ക്ക് സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 9.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസുകൾ ക്ഷണിച്ച് 19.02.2021-ൽ കരാർ നൽകുകയും ചെയ്തിരുന്നു. ഈ പദ്ധതിയുടെ ഭാഗമായ 3.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും, പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 5 കിലോമീറ്ററോളം ദൈർഘ്യത്തിൽ ഡക്ടൈൽ അയൺ പൈപ്പുകൾ സ്ഥാപിക്കേണ്ടതുണ്ട്. 2021-ൽ കരാർ നൽകിയെങ്കിലും പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം നഗരസഭ എന്നിവയുടെ അധീനതയിലുള്ള റോഡുകൾ കുഴിക്കുന്നതിനുള്ള അനുമതി ലഭിക്കുവാൻ കാലതാമസമുണ്ടായി. 2022 ഡിസംബർ മാസത്തോടു കൂടിയാണ് അനുമതി ലഭ്യമായത്. അപ്പോഴേയ്ക്കും ഡക്ടൈൽ അയൺ പൈപ്പുകളുടെ വില ക്രമാതീതമായി വർദ്ധിക്കുകയും, നിലവിൽ കരാർ നൽകിയിട്ടുള്ള തുകയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ വിസമ്മതിക്കുകയും ചെയ്തു. എന്നിരുന്നാലും ജല അതോറിറ്റിയുടെ വിവിധ സ്റ്റോറുകളിലുണ്ടായിരുന്ന ഡക്ടൈൽ അയൺ പൈപ്പുകളെത്തിച്ച് ഒരു കിലോമീറ്ററോളം ഭാഗത്ത് സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ 50 % പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ നിർമ്മാണം പൂർത്തിയായ ഉപരിതല ജലസംഭരണിയുടെ ചുറ്റുമതിൽ നിർമ്മാണത്തിനും ടി ഉപരിതല ജലസംഭരണിയിലേക്കു പുതുക്കുന്ന് ഭൂതല ജല സംഭരണിയിൽ നിന്നും ശുദ്ധജലം പമ്പ് ചെയ്യുന്നതിനുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുമായി മറ്റൊരു കരാറും നൽകിയിട്ടുണ്ട്. എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | | | 2024 ജൂൺ മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ